# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4719 14.11.2019 ൽ മറുപടിക്ക്**

## ചട്ടം ലംഘിച്ച് റോഡ് നിർമ്മാണം

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീമതി.ഷാനിമോൾ ഉസ്മാൻ** | | **ശ്രീ.ജി.സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | എരമല്ലൂർ-എഴുപുന്ന റോഡിൽ അറ്റകുറ്റപ്പണികൾ നടത്തുന്നത് ചട്ടം ലംഘിച്ചാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ ചട്ടലംഘനം നടന്നിട്ടില്ല. |
| (ബി) | ടെൻഡർ പോലും വിളിക്കാതെ തെരഞ്ഞെടുപ്പ് സമയത്ത് കരാറുകാരനെ കൊണ്ട് റോഡ് നിർമ്മാണം നടത്തിയത് ഏതുസാഹചര്യത്തിലാണ്; വ്യക്തമാക്കുമോ; | (ബി) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി, എഗ്രിമെന്റ് വച്ച് ഏറ്റെടുത്ത പ്രവൃത്തി മാത്രമാണ് കരാറുകാരൻ എരമല്ലൂർ-എഴുപുന്ന റോഡിൽ ചെയ്തത്. |
| (സി) | ഇത് ചോദ്യം ചെയ്ത ആർക്കെങ്കിലുമെതിരെ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാതി നൽകിയിട്ടുണ്ടോ; | (സി) & (ഡി) | കൃത്യനിർവ്വഹണത്തിന് തടസ്സം വരുത്തിയവർക്കെതിരെ പോലീസിൽ പരാതി നല്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ? | | |

Hemalatha

**സെക്ഷൻ ഓഫീസർ**